"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. നീലൂഫർ ബീഗം സി.എ. ഫയൽ ചെയ്ത WP(C) No. 9957/2025 ലെ ബഹു. കേരള ഹൈക്കോടതിയുടെ 14/03/2025 തീയതിയിലെ വിധിന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.723/2026/GEDN** തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 2489/2023/ പൊ.വി.വ., തീയതി 18/04/2023.
2. ശ്രീമതി. നീലൂഫർ ബീഗം സി.എ., യു.പി.എസ്.ടി. സമർപ്പിച്ച 31/01/2025 തീയതി റിവിഷൻ ഹർജി (എക്സിബിറ്റ് പി6).
3. WP(C) No. 9957/2025 ലെ ബഹു. കേരള ഹൈക്കോടതിയുടെ 14/03/2025 തീയതിയിലെ വിധിന്യായം.
4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/08/2025 തീയതിയിലെ DEOMKD/473/2025-B3 നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 19/08/2025 തീയതിയിലെ DDEPKD/1600/2025-B5 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് മണ്ണാർക്കാട് ദാറുന്നജത്ത് ഹൈസ്കൂൾ നെല്ലിപ്പുഴയിൽ യു.പി.എസ്.ടി തസ്തികയിൽ പ്രവർത്തിയെടുത്തു വരുന്ന ശ്രീമതി നിലൂഫർ ബീഗം ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരുന്ന WP (C) 9957/25-ലെ പരാമർശം (3) വിധിന്യായം പ്രകാരം "The writ petition is accordingly disposed of directing the first respondent to consider and pass orders on Exbt P6 Revision petition with notice to the petitioner and adverting to Exbt P5 also within a period of four months"എന്ന് ഉത്തരവായിരുന്നു. പരാമർശം (1) സർക്കാർ ഉത്തരവ് കൂടി പരിഗണിച്ചു കൊണ്ട് ഹർജിക്കാരിയെ നേരിൽ കേട്ടതിനു ശേഷം പരാമർശം (2) റിവിഷൻ ഹർജിയിന്മേൽ തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. അപ്രകാരം, ഈ വിഷയത്തിന്മേൽ 19/08/2025 തീയതിയിൽ ഹർജിക്കാരിയെ പ്രതിനിധീകരിച്ചു കൊണ്ടുള്ള അഡ്വക്കേറ്റ്, മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ പ്രതിനിധികൾ എന്നിവരെ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

**2. എക്സിബിറ്റ് പി6 ലെ വിഷയം ഇപ്രകാരമായിരുന്നു** :

പാലക്കാട് മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിൽ പ്രവർത്തിച്ചു വരുന്ന നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയ എച്ച്.എസ്.ടി ഇംഗ്ലീഷ് അധിക തസ്തികയിൽ ടി സ്കൂളിലെ യു.പി.എസ്.ടി. അധ്യാപിക ശ്രീമതി. ഷംസിയ യു.പി. യെ 16/07/2018 മുതൽ എച്ച്.എസ്.ടി ഇംഗ്ലീഷ് അധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചപ്പോൾ ഉണ്ടായ യു.പി.എസ്.ടി. ഒഴിവിൽ ശ്രീമതി. നിലൂഫർ ബീഗം സി.എ. യെ 01/08/2018 മുതൽ യു.പി.എസ്.ടി. ആയി മാനേജർ നിയമിച്ചു. ടി വിദ്യാലയം പുതുതായി ആരംഭിച്ച (22/05/1979 ന ശേഷം) വിദ്യാലയങ്ങളുടെ ഗണത്തിൽ പെടുന്നതാണ്. ആയതിനാൽ പ്രസ്തുത വിദ്യാലയത്തിൽ ജെ2/57/2019 തിയ്യതി. 08/03/2019 ഗവൺമെന്റ് സർക്കുലർ പ്രകാരം റിസൾട്ടന്റ് വേക്കൻസിയിലെ ഒഴിവ് സംരക്ഷിതാധ്യാപകനെ നിയമിച്ചുകൊണ്ട് നികത്തണം എന്നുള്ളതിനാൽ ടി അപേക്ഷ മണാർക്കാട് വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തുടർന്ന് സ.ഉ. (അച്ചടി ) 4/2021/പൊ.വി.വ തിയ്യതി 06/02/2021 പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചു കൊള്ളാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടുള്ളതിനാൽ ശ്രീമതി. നിലൂഫർ ബീഗം സി.എ.യുടെ യു.പി.എസ്.ടി. നിയമനം 25,200-54,000 ശമ്പള സ്കെയിലിൽ 01/08/2018 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ സാമ്പത്തിക അനുകൂല്യങ്ങളോടെയും പ്രൊബേഷണറിയായി അംഗീകരിച്ച നല്കിയിട്ടുണ്ട്. ടിയാളുടെ നിയമനം 01/08/2018 മുതൽ റഗുലർ സ്കെയിലിൽ അംഗീകരിച്ച് നൽകണമെന്നതാണ് ഹർജിക്കാരിയുടെ പരാമർശം (2) പുന പരിശോധന ഹർജിയിലെ അവശ്യം.

**3. എക്സിബിറ്റ് പി6 റിവിഷൻ ഹർജിയിന്മേൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ സമാനമായ വാദം ഇപ്രകാരമായിരുന്നു** :

മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിന്റെ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയ എച്ച്.എസ്.ടി ഇംഗ്ലീഷ് അധിക തസ്തികയിൽ ടി സ്കൂളിലെ യു.പി.എസ്.ടി. അദ്ധ്യാപിക ശ്രീമതി. ഷംസിയ യു.പി. യെ 16/07/2018 മുതൽ എച്ച്.എസ്.ടി ഇംഗ്ലീഷ് അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ യു.പി.എസ്.ടി. തസ്തികയിൽ ശ്രീമതി നിലൂഫർ ബീഗത്തെ 01/08/18 മുതൽ മാനേജർ നിയമിക്കുകയും ചെയ്തു. ടി വിദ്യാലയം പുതുതായി ആരംഭിച്ച (22/05/1979 ന ശേഷം) വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെടുന്നതാണ്. ആയതിനാൽ, പ്രസ്തുത വിദ്യാലയത്തിൽ ജെ2/57/2019 തീയതി 08/03/2019 ഗവൺമെന്റ് സർക്കുലർ പ്രകാരം റിസൾട്ടന്റ് വേക്കൻസിയിലെ ഒഴിവ് സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചു കൊണ്ട് നികത്തണം എന്നുള്ളതിനാൽ ടി അപേക്ഷ മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു. തുടർന്ന് സ.ഉ. (അച്ചടി) 04/2021/പൊ.വി.വ. തീയതി 06/02/2021 പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചു കൊള്ളാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടുള്ളതിനാൽ ശ്രീമതി. നിലൂഫർ ബീഗം സി.എ. യുടെ യു.പി.എസ്.ടി നിയമനം 25,200-54,000 ശമ്പള സ്കെയിലിൽ 01/08/2018 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടെയും പ്രൊബേഷനറിയായി അംഗീകരിച്ചു നൽകിയിട്ടുണ്ട്.

01/08/2018 മുതൽ 05/02/2021 വരെ നോഷണലായി അംഗീകരിച്ച കാലയളവിലെ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ച കൊണ്ട് നിയമനം അംഗീകരിച്ച ലഭിക്കണമെന്നാണ് ഹർജിക്കാരിയുടെ ആവശ്യം. ഹർജിക്കാരിയെ നിയമിക്കുന്ന 01/08/2018 ന് ടി സ്കൂളിൽ സംരക്ഷിതാധ്യാപികയെ നിയമിച്ചിരുന്നില്ല. സംരക്ഷിതാദ്ധ്യാപികയെ നിയമിച്ച കൊള്ളാമെന്ന ബോണ്ട് 29/03/2019 നാണ് മാനേജർ സമർപ്പിച്ചിട്ടുള്ളത്. ഇവിടെ 2018-19 വർഷത്തെ അധിക തസ്തികയിലേക്ക് റൂൾ 43 അവകാശിയായ അദ്ധ്യാപിക ഷംസിയ യു.പി.യെ നിയമിച്ചതു മൂലം ഉണ്ടായ യു.പി.എസ്.ടി. ഒഴിവിൽ സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടതെന്ന 08/03/2019-ലെ സർക്കുലർ നം.ജെ2/57/2019/പൊ.വി.വ -ലെ നിർദ്ദേശം പാലിക്കാതെയാണ് മാനേജർ ശ്രീമതി. നിലൂഫർ ബീഗം സി.എ. ക്ക് നിയമനം നൽകിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത നിയമനം ക്രമപ്രകാരമല്ല.

2016-17 മുതൽ 2019-20 വരെ നടത്തിയ നിയമനങ്ങൾ അംഗീകരിച്ച നൽകുന്നതിനായിട്ടാണ് സ.ഉ. (അച്ചടി) നം.04.2021/പൊ.വി.വ തീയതി 06/02/2021 പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനം 01/08/2018 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടെയും അനുവദിക്കാനെ നിർവ്വാഹമുള്ളൂ. ആയതിനാൽ ഹർജിക്കാരിയുടെ ആവശ്യം പരിഗണിക്കാൻ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം നിർവ്വാഹമില്ല.

**4.** സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും പ്രതിനിധികൾ സമർപ്പിച്ചിരുന്ന വാദം, വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട്, ഈ വിഷയവുമായി ബന്ധപ്പെട്ട നിലവിലെ KER വ്യവസ്ഥകൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച. 22/05/1979- ന ശേഷം ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളിൽ ഉണ്ടായ ഒഴിവു ചട്ടം 43 അവകാശിയുടെ പ്രൊമോഷൻ വഴി നികത്തുമ്പോൾ ചട്ടം 7(3)(a) പ്രകാരം ഒരു സംരക്ഷിതാധ്യാപകനെ ടി സ്കൂളിൽ നിയമിക്കുവാൻ കഴിയുന്നില്ലെങ്കിൽ അതെ മാനേജ്മെന്റിൽ ഉണ്ടാകുന്ന റിസൾട്ടന്റ് ഒഴിവിൽ (22/5/79-ന മുമ്പോ ശേഷമോ ആരംഭിച്ച സ്കൂളായാലും) സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ടതാണെന്ന 08/03/2019-ലെ J2/57/2019/G.Edn നമ്പർ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലെ അദ്ധ്യാപക/ അനദ്ധ്യാപക നിയമനാംഗീകാരം സംബന്ധിച്ച് 06/02/2021 -ലെ G.O. (P) No 4/2021/G.Edn പ്രകാരം പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ ഖണ്ഡിക 4(2) പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ മാനേജർ അദ്ധ്യാപക ബാങ്കിൽ നിന്നും നിയമാനുസൃതം നിയമിക്കേണ്ട ഒഴിവിലേക്ക് സംരക്ഷിതാധ്യാപകനെ നിയമിച്ച ഉത്തരവാകുകയോ ഭാവിയിലുണ്ടാകുന്ന ഒഴിവിലേക്ക് നിയമിക്കാമെന്ന് സത്യപ്രസ്താവന നൽകുകയോ ചെയ്യുന്ന തീയതി മുതൽ നിലവിലുള്ള കെ.ഇ.ആർ വ്യവസ്ഥകളിൽ താത്കാലിക ഇളവ് നൽകി നിയമിക്കപ്പെട്ട ജീവനക്കാർക്ക് നിയമനാംഗീകാരം നൽകാവുന്നതാണെന്നും ഇവ നടപ്പാക്കുന്നതു മൂലം ഉണ്ടാകുന്ന കുടിശ്ശിക സാമ്പത്തികാനുകൂല്യങ്ങൾ നോഷണൽ ആയിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.കാലിക്കറ്റ് GVHSS-ലെ HST ആയ ശ്രീമതി ഹഫ്സീന റഹ്മത്തിന്റെ നിയമനം നിലവിലെ KER വ്യവസ്ഥകൾ പ്രകാരം സംരക്ഷിതാധ്യാപക നിയമനത്തിനായി

നിഷ്കർഷിച്ചിട്ടുള്ള ഒഴിവിൽ അല്ലാത്തതിനാലാണ് പരാമർശം (1) പ്രകാരം നിയമനതിയതി മുതൽ റെഗുലർ വ്യവസ്ഥയിൽ അംഗീകരിച്ച് നൽകിയിട്ടുള്ളത്.

**5.** മേൽസാഹചര്യത്തിൽ, 08/03/2019-ലെ J2/57/2019/G.Edn നമ്പർ സർക്കുലറിന്റെയും 06/02/2021 -ലെ G.O. (P) No 4/2021/G.Edn സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് മണ്ണാർക്കാട് നെല്ലിപ്പുഴ ഡി.എച്ച്.എസ്.-ൽ യു.പി.എസ്.ടി തസ്തികയിൽ 01/08/2018 മുതലുള്ള ശ്രീമതി. നിലൂഫർ ബീഗത്തിന്റെ നിയമനം 01/08/2018 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ ശമ്പള സ്കെയിലിലും അംഗീകരിച്ച് നൽകിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമ പ്രകാരമായതിനാൽ, ശ്രീമതി. നിലൂഫർ ബീഗം സി.എ. യുടെ നിയമനം നിയമനതീയതിയായ 01/08/2018 മുതൽ ശമ്പളസ്കെയിലിൽ അംഗീകരിച്ച് നൽകണമെന്ന എക്സിബിറ്റ് പി6 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട്, അപ്രകാരം WP(C) No.9957/2025 ൽ 14/03/2025 -ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പകർപ്പ് :

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട് - 678 532.
മാനേജർ, ദാറുന്നജത്ത് ഹൈസ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് -678 582.
പ്രധാനാധ്യാപകൻ, ദാറുന്നജത്ത് ഹൈസ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് -678 582.
ശ്രീമതി നീലൂഫർ ബീഗം സി.എ., ദാറുന്നജത്ത് ഹൈസ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് -678 582.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 24-01-2026 18:06:16
സെക്ഷൻ ഓഫീസർ